# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:23.09.2024**

## പ്രധാനവാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യു.എസ് സന്ദർശനം തുടരുന്നു; വിവിധ ലോകനേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി.

2). ദുരന്തമേഖലകളിൽ സിവിൽ ഡിഫൻസ് വോളണ്ടിയർമാരുടെ പ്രവർത്തനം മാതൃകാപരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3). സംസ്ഥാനത്ത് നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ തുടരുന്നു; അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കാസർഗോഡ് സ്വദേശി മരിച്ച പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ.

4). ഇടുക്കി മെഡിക്കൽ കോളേജിൻ്റെ വികസനത്തിന് സാധ്യമായതെല്ലാം ചെയ്യുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

5). സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത; കേരള - കർണാടക തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

6). 2025 ഓസ്കാറിനുള്ള ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി കിരൺ റാവു സംവിധാനം ചെയ്ത ബോളിവുഡ് ചിത്രം ലാപതാ ലേഡീസ്.

=============================================

RNU TVPM

## പ്രധാനമന്ത്രി - സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യു.എസ് സന്ദർശനം തുടരുന്നു. വിവിധ ലോകനേതാകകളുമായി ഉഭയകക്ഷി ചർച്ച നടത്തിയ ശ്രീ മോദി ന്യൂയോർക്കിലെ പ്രമുഖ കമ്പനികളുടെ സി.ഇ.ഒ മാരുമായി റൗണ്ട് ടേബിൾ മീറ്റിംഗിൽ പങ്കെടുത്തു. ഇരുപത്തിയൊന്നാം നൂറ്റാണ്ട് സാങ്കേതിക വിദ്യയിലധിഷ്ഠിതമാണെന്നും ജനാധിപത്യ മൂല്യങ്ങളും സാങ്കേതികവിദ്യയും തമ്മിലെ സന്തുലിതാവസ്ഥ മനുഷ്യ ക്ഷേമത്തിന് അനിവാര്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂയോർക്കിൽ, യു.എൻ പൊതുസഭയുടെ, ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

==========================================

## സുപ്രീംകോടതി

കുട്ടികൾ ഉൾപ്പെടുന്ന അശ്ലീലചിത്രങ്ങൾ സൂക്ഷിക്കുന്നതും സ്വകാര്യമായി കാണുന്നതും പോക്സോ നിയമത്തിൻ്റെ ലംഘനമാണെന്ന് സുപ്രീംകോടതി. ചൈൽഡ് പോണോഗ്രാഫി എന്ന പദം ജുഡീഷ്യൽ ഉത്തരവുകളിലോ വിധിന്യായങ്ങളിലോ ഉപയോഗിക്കരുതെന്ന് രാജ്യത്തെ എല്ലാ കോടതികളോടും സുപ്രീം കോടതി നിർദ്ദേശിച്ചു. കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ പ്രചരിപ്പിച്ചാൽ മാത്രമെ കുറ്റം ചുമത്താനാകൂവെന്നും കുട്ടികൾ ഉൾപ്പെട്ട അശ്ലീല വീഡിയോകൾ സൂക്ഷിക്കുന്നത് കുറ്റകരമല്ലെന്നും ഉള്ള മദ്രാസ് ഹൈക്കോടതി വിധി റദ്ദാക്കിയാണ് സുപ്രീംകോടതിയുടെ ഉത്തരവ്.

==========================================

## ആയുഷ്മാൻ ഭാരത്

ആയുഷ്മാൻ ഭാരത് - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ഇന്ന് ആറു വർഷം പൂർത്തിയാക്കി. 2018- ലാണ് പ്രധാനമന്ത്രി

PRU TVPM

നരേന്ദ്ര മോദി പദ്ധതിക്ക് തുടക്കമിട്ടത്. രാജ്യത്തെ എല്ലാ പൗരന്മാർക്കും, പ്രത്യേകിച്ച് ദുർബല വിഭാഗത്തിന് തുല്യമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനുള്ള കേന്ദ്രസർക്കാരിൻ്റെ പ്രതിബദ്ധതയുടെ തെളിവാണിതെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ പറഞ്ഞു.

=========================================

## 100 ദിനം സ്ത്രീശാക്തീകരണം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ മൂന്നാം വട്ടവും അധികാരത്തിലെത്തി നൂറു ദിവസം പിന്നിടുമ്പോൾ 15 ലക്ഷം കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കിയതായി കേന്ദ്ര സർക്കാർ. കർഷകർ, ഇടത്തരക്കാർ, വനിതകൾ, യുവാക്കൾ എന്നീ വിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് നിരവധി പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടന്നത്. 90 ലക്ഷം സ്വയം സഹായ സംഘങ്ങളിലൂടെ 10 കോടി വനിതകളെ ശാക്തീകരിക്കാൻ കഴിഞ്ഞു. 11 ലക്ഷം ലഖ്പതി ദീതികൾ പ്രധാനമന്ത്രിയിൽ നിന്ന് അഭിനന്ദന പത്രങ്ങൾ വാങ്ങിയതായും കേന്ദ്രസർക്കാർ അറിയിച്ചു.

RNU TVPM

=========================================

## ഗുണഭോക്താവ് ( ഇൻട്രോ )

നരേന്ദ്രമോദി സർക്കാർ മൂന്നാം തവണയും അധികാരത്തിലെത്തി നൂറു ദിവസം പിന്നിടുമ്പോൾ വിവിധ പദ്ധതികളെ കുറിച്ച് ഗുണഭോക്താക്കളുടെ പ്രതികരണങ്ങളിലേക്ക്....

കണ്ണൂർ, കാടാച്ചിറ സ്വദേശിയായ സംരംഭക മിനിമോൾ ആകാശവാണി വാർത്തകളോട്...

( വോയിസ് )

=========================================

## മുഖ്യമന്ത്രി പാസിങ് ഔട്ട് പരേഡ്

ദുരന്തമേഖലകളിൽ സിവിൽ ഡിഫൻസ് വോളണ്ടിയർമാരുടെ പ്രവർത്തനം മാതൃകാപരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 315 പേരുടെ സംയുക്ത പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് സാഹസിക രക്ഷാപ്രവർത്തനത്തിനായി പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു. പൊതുസമൂഹത്തിന്റെ രക്ഷാസേന എന്ന ഉത്തരവാദിത്വ ബോധ്യത്തോടെയാകണം സേനാംഗങ്ങൾ അറിവുകൾ പ്രയോഗിക്കേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

==========================================

## അമീബിക് മസ്തിഷ്കജ്വരം

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് യുവാവ് മരിച്ച പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ്. മുംബൈയിൽ നിന്നെത്തിയ കാസർഗോഡ് സ്വദേശിയായ യുവാവാണ് മരിച്ചത്. മരിച്ച വ്യക്തിക്ക് രോഗം ബാധിച്ചത് മുംബൈയിൽ നിന്നായതിനാൽ ആശങ്കപ്പെടേണ്ടതില്ലെങ്കിലും രോഗം വരാതിരിക്കാനുള്ള പൊതുവായ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

==========================================

## നിപ-കേരളം

കേരളത്തിൽ നിപ നിയന്ത്രണ വിധേയമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഇതുവരെയുള്ള പരിശോധന ഫലങ്ങൾ എല്ലാം നെഗറ്റീവാണ്. നിപ വ്യാപനം തടയാൻ ആവശ്യമായ ജാഗ്രത പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ

RNUTVPM

നടത്തിവരികയാണെന്നും മന്ത്രി പറഞ്ഞു. എംപോക്സ് സംബന്ധിച്ചും കേരളത്തിൽ സൂക്ഷ്മ നിരീക്ഷണമാണ് നടത്തുന്നതെന്നും ശ്രീമതി വീണാ ജോർജ് ഇടുക്കിയിൽ പറഞ്ഞു.

==========================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================

**മൻ കി ബാത് -ആകാശവാണി**

പ്രധാനമന്ത്രി നരേന്ദ്രമോദി

ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത് ഈ മാസം 29-ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 114 -ാം പതിപ്പാണിത്. പരിപാടിയിലേക്ക് ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും 18 00-11-78 00 എന്ന നമ്പറിലോ, MyGov ഓപ്പൺ ഫോറത്തിലോ ഈ മാസം 27 വരെ അറിയിക്കാവുന്നതാണ്.

RNUTVPM

==========================================

**പോഷൺ മാസാചരണം ( ഇൻട്രോ )**

കേന്ദ്രസർക്കാരിൻറെ പോഷൺ അഭിയാൻറെ ഭാഗമായി സംഘടിപ്പിക്കുന്ന പോഷൺ മാസാചരണം രാജ്യത്ത് സജീവമായി പുരോഗമിക്കുന്നു. കൗമാരക്കാരായ പെൺകുട്ടികൾ, കുഞ്ഞുങ്ങൾ, ഗർഭിണികൾ എന്നിവരുടെ സമ്പൂർണ്ണ ആരോഗ്യമാണ് പ്രധാന ലക്ഷ്യം. സെപ്റ്റംബർ ഒന്ന് മുതൽ മുപ്പതു വരെയാണ് മാസാചരണം സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തും അങ്കണവാടികളും ആരോഗ്യസ്ഥാപനങ്ങളും കേന്ദ്രീകരിച്ച് വിവിധ പരിപാടികൾ നടക്കുന്നുണ്ട്. ആരോഗ്യമുള്ള തലമുറക്ക് ആരോഗ്യമുള്ള ഭക്ഷണം ഏറെ പ്രധാനമാണെന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പീഡിയാട്രിക്സ് വിഭാഗം

മുൻ മേധാവി, റിട്ടയേഡ് പ്രൊഫ. ഡോ. സുലേഖ.സി ആകാശവാണി വാർത്തകളോട് പറഞ്ഞു..

(വോയിസ്........... )

===========================================

**ക്ഷയരോഗവിമുക്തം – വീണാ ജോർജ്**

സംസ്ഥാനത്ത് ക്ഷയരോഗ വിമുക്തമായ ഏറ്റവുമധികം പഞ്ചായത്തുകൾ ഉള്ളത് ഇടുക്കിയിലാണെന്നും ജില്ലയിലെ പൊതുജനാരോഗ്യ പ്രവർത്തകരുടെ മികവിൻറെ ഫലമാണിതെന്നും മന്ത്രി വീണാ ജോർജ്. ആരോഗ്യ കേരളം പദ്ധതി പ്രകാരം 4 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ടി ബി സെൻ്ററിൻ്റ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുക യായിരുന്നു മന്ത്രി. മന്ത്രി റോഷി അഗസ്റ്റിൻ പരിപാടിയിൽ അധ്യക്ഷനായി.

===========================================

**മെഡിക്കൽകോളേജ് – വീണാ ജോർജ്**

അതിർത്തി ജില്ലകൾക്ക് കൂടി പ്രയോജനപ്പെടുന്ന ഇടുക്കി മെഡിക്കൽ കോളേജിൻ്റെ വികസനത്തിന് സാധ്യമായതെല്ലാം സർക്കാർ ചെയ്യുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. മെഡിക്കൽ കോളേജിലെ വിവിധ അടിസ്ഥാന സൗകര്യ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വിദ്യാർത്ഥികൾ ഉന്നയിച്ച ചില ആവശ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുമെന്നും മന്ത്രി പറഞ്ഞു. ഇടുക്കി മെഡിക്കൽ കോളേജിൻ്റെ ഭാവി വികസനത്തിനായി ഒരുമിച്ചു പ്രവർത്തിക്കണമെന്ന് ചടങ്ങിൽ പങ്കെടുത്ത മന്ത്രി റോഷി അഗസ്റ്റിൻ അഭിപ്രായപ്പെട്ടു.

===========================================

RNU TVPM

## സ്വച്ഛതാ ഹി സേവ - പാലക്കാട്

സ്വച്ഛതാ ഹി സേവ കാമ്പയിൻറെ ഭാഗമായി സംസ്ഥാനത്ത് വിവിധ പരിപാടികൾ പുരോഗമിക്കുന്നു. പാലക്കാട് ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിൽ ശുചീകരണ - സൗന്ദര്യവൽക്കരണ പ്രവർത്തികൾ സംഘടിപ്പിച്ചു. റെയിൽവേ സ്റ്റേഷൻ ചുമരുകൾ കോളേജ് വിദ്യാർത്ഥികൾ ചേർന്ന് ചിത്രങ്ങൾ വരച്ച് ആകർഷകമാക്കി. ഒക്ടോബർ രണ്ടു വരെയാണ് സ്വച്ഛതാ ക്യാമ്പയിൻ.

==========================================

## കണ്ണൂർ ലൈബ്രറി - (ഇൻട്രോ)

കണ്ണൂരിനെ സമ്പൂർണ്ണ ലൈബ്രറി ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള ശ്രമം അതിവേഗം പുരോഗമിക്കുന്നു. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും ഓരോ വാർഡിലും ഒരു ലൈബ്രറി എന്നതാണ് ലക്ഷ്യം.

വിശദാംശങ്ങളുമായി ആകാശവാണി

കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...

(വോയിസ്..........)

RNU TVPM

==========================================

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള - കർണാടക തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

==========================================

## <u>ലാപ്പതാ ലേഡീസ്</u>

2025 ഓസ്കാറിനുള്ള ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി കിരൺ റാവു സംവിധാനം ചെയ്ത ബോളിവുഡ് ചിത്രം ലാപ്പതാ ലേഡീസ് തിരഞ്ഞെടുത്തു. മികച്ച വിദേശ സിനിമാ വിഭാഗത്തിലാണ് ചിത്രം മത്സരിക്കുക. അസമീസ് സംവിധായകൻ ജഹനു ബാരുവ അധ്യക്ഷത വഹിച്ച 13 അംഗ സമിതിയാണ് ചിത്രം തിരഞ്ഞെടുത്തത്.

==========================================

## <u>വേണാട്</u>

വന്ദേഭാരത് എക്സ്പ്രസിനും പാലരുവി എക്സ്പ്രസിനും വേണ്ടി പിറവം റോഡിൽ വേണാട് എക്സ്പ്രസ് തടഞ്ഞു വച്ചെന്ന ആരോപണങ്ങൾ തെറ്റാണെന്ന് റെയിൽവേ അറിയിച്ചു. ട്രെയിൻ ഷെഡ്യൂൾ അനുസരിച്ചാണ് സർവീസ് നടത്തിയതെന്നും വേണാട് എക്സ്പ്രസ് പിറവം റോഡിൽ നിർത്തിയിട്ട് കാലതാമസം വരുത്തിയിട്ടില്ലെന്നും റെയിൽവേ വ്യക്തമാക്കി. ട്രെയിനിലെ തിക്കിലും തിരക്കിലും യാത്രക്കാർക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടായതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

RNU TVPM

====================

============================

==========================================